# ലൂക്കാ 24, 13-27 സഹയാത്രികൻ

**1.ജറുസലേമിൽനിന്നും എമ്മാവൂസിലേക്ക് (24, 13)**

ഉയിർപ്പിന്റെ സ്ഥലമായ ജറുസലെമിൽ നിന്ന് അതിന്റെ പരിസരത്തുള്ള എമ്മാവൂസിലേക്ക് പോകുകയാണ് ര് ശിഷ്യന്മാർ. ഇത് ഉയിർപ്പുവാർത്ത കേട്ടവരുടെ ആദ്യ യാത്രയാണ്. ജറുസലെം എന്നത് ഉയിർപ്പിന്റെ സ്ഥലമാണ്. സഹനമരണോത്ഥാനങ്ങളിലൂടെ കടന്നുപോയി ദൈവപുത്രൻ മനുഷ്യകുലത്തെ വീടെടുത്തത് ജറുസലെമിൽ വച്ചാണ്. ഈശോയുടെ ജീവിത യാത്രമുഴുവൻ ജറുസലെമിനെ ലക്ഷ്യം വച്ചുള്ളതായിരുന്നു. ദൈവം വസിക്കുന്ന ഇടമായിരുന്നു യഹൂദരെ സംബന്ധിച്ചിടത്തോളം ജറുസലെം. ജറുസലെം ദൈവാലയത്തെ കേന്ദ്രീകരിച്ചായിരുന്നു അവരുടെ ജീവിതം മുഴുവൻ. സ്വർഗ്ഗമാകുന്ന ജറുസലെമിനെ ലക്ഷ്യം വച്ച് ജീവിക്കേവരാണ് നാം. ഈ ലക്ഷ്യം മറന്ന് ജീവിക്കുന്നവരെല്ലാം ക്രിസ്തുവിൽ വിശ്വസിക്കാതെ അവന്റെ ഉയർപ്പിൽ വിശ്വസിക്കാതെ യാത്ര ചെയ്യുന്നവരാണ്. ഇത്തരക്കാർ ഹൃദയം മന്ദീഭവിച്ചവരും കഠിന ഹൃദയരുമാണ്. (24, 26)

**2.യാത്രയിലെ സംസാരവിഷയം നസ്രായനായ യേശുവിനെക്കുറിച്ചാണ്.**

വിശ്വാസക്കുറവും, ഭയവുമുായിരുന്നെങ്കിലും അവരുടെ സംസാര വിഷയം യേശുവായിരുന്നു. ഇതൊരു നല്ലകാര്യമാണ്. എന്റെ ജീവിതയാത്രയിൽ എന്റെ സംസാരവും, ചിന്തയും, പ്രവൃത്തികളുമെല്ലാം യേശുവിനെക്കുറിച്ചായിരിക്കണം. അത്തരക്കാരാണ് ക്രിസ്തുവിൽ ചരിക്കുന്നവർ, ക്രിസ്തുവിൽ ജീവിക്കുന്നവർ.

**3.സഹയാത്രികനാകുന്ന യേശു.**

എല്ലാം ഉപേക്ഷിച്ച് എമ്മാവൂസിലേക്ക് രക്ഷപെടാൻ പരിശ്രമിക്കുന്ന ശിഷ്യരുടെ കൂടെ ച്ചേരുകയാണ് ഈശോ. നഷ്ടപ്പെടാമായിരുന്ന അവരുടെ വിശ്വാസത്തെയും ജീവിതത്തെയും സഹയാത്രികനാകുന്ന ക്രിസ്തു തിരിച്ചുകൊുവരുകയാണ്. അതുകൊാണ് അവർ തിരിച്ച് ജറുസലേമിലേക്ക് പോകുന്നത്. ഈശോ നമ്മുടെ സഹയാത്രികനാണ്. എന്റെ ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ക്രിസ്തു എന്നോടൊപ്പമു്.

ക്രിസ്തു എന്നോടുകൂടെയും ഞാൻ ക്രിസ്തുവിനോടുകൂടെയും യാത്രചെയ്യുമ്പോഴാണ് സ്വർഗ്ഗമാകുന്ന ജറുസലെമിൽ എത്തിച്ചേരുവാൻ നമ്മുക്കാവുന്നത്. എന്റെ കൂടെയുള്ള ഈശോയെ തിരിച്ചറിയുകയെന്നത് വലിയ കാര്യമാണ്. പഴയനിയമത്തിലും പുതിയനിയമത്തിലുമെല്ലാം മനുഷ്യനെ ദൈവം പിൻതുടരുന്നു്. അവന്റെ ഉയർച്ചയിലും തകർച്ചയിലും ദൈവം അവനോടൊപ്പമു്. പലപ്പോഴും മനുഷ്യനാണ് ദൈവത്തെയും അവന്റെ പരിപാലനയെയും തിരിച്ചറിയാതെ പോകുന്നത്.  എന്നിട്ടും ദൈവം നമ്മുടെ സഹയാത്രികനാകുകയാണ്. നമ്മെ സ്വർഗ്ഗീയ ജറുസലെമിലെത്തിക്കാൻ.

**വഴിമാറി യാത്രചെയ്യുന്നവരെ രക്ഷിക്കാൻ കൂടെക്കൂടുന്ന ക്രിസ്തുവിനെ തിരിച്ചറിഞ്ഞില്ലെങ്കിൽ എമ്മാവൂസും കടന്ന് നാം യാത്രചെയ്തുകൊയേിരിക്കും. ഒരിക്കലും യാത്ര അവസാനിക്കില്ല.കാരണം യാത്രയിൽ ലക്ഷ്യമില്ല..വഴികാട്ടിയായ് ക്രിസ്തു കൂടെയുമില്ല..**

**ഫാ. ജോസഫ് കോയിക്കൽ**